**പതിനാലാം കേരള നിയമസഭ**
**പതിനൊന്നാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം.2113      11-06-2018 ൽ മറുപടിയ്ക്ക്

## മട്ടന്നൂർ ഫയർ ആന്റ് റെസ്ക്യൂ സർവ്വീസ് സ്റ്റേഷന് പുതിയ കെട്ടിടം

| ചോദ്യം | | മറുപടി |
|---|---|---|
| | **ശ്രീ.ഇ.പി.ജയരാജൻ** | **പിണറായി വിജയൻ (മുഖ്യമന്ത്രി)** |
| എ) | മട്ടന്നൂർ ഫയർ ആന്റ് റെസ്ക്യൂ സർവ്വീസ് സ്റ്റേഷന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ടോ; | **(എ), (ബി), (സി) & (ഡി)** മട്ടന്നൂർ ഫയർ & റെസ്ക്യൂ സ്റ്റേഷന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി 3,60,00,000/- രൂപയുടെ എസ്റ്റിമേറ്റ് ഭരണാനുമതിക്കായി സമർപ്പിച്ചിരുന്നു. എന്നാൽ പ്രസ്തുത എസ്റ്റിമേറ്റിൽ ചില ഭേദഗതികൾ വരുത്തി റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിക്കുന്നതിന് ഫയർ & റെസ്ക്യൂ ഡയറക്ടർ ജനറലിനോട് ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ പൊതുമരാമത്ത് വകുപ്പ് (കെട്ടിടവിഭാഗം), ചീഫ് എഞ്ചിനീയർക്ക് കത്ത് നൽകിയിട്ടുണ്ട്. |
| ബി) | എത്ര തുകയുടെ എസ്റ്റിമേറ്റാണ് തയ്യാറാക്കി സമർപ്പിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | |
| സി) | പ്രസ്തുത എസ്റ്റിമേറ്റ് പ്രകാരമുള്ള കെട്ടിട നിർമ്മാണ പ്രവൃത്തിക്ക് ഭരണാനുമതി നൽകുന്നതിനുള്ള നടപടി ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ; | |
| ഡി) | കണ്ണൂർ അന്താരാഷ്ട്രാ വിമാനത്താവളത്തിന്റെ സമീപത്തുള്ള ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷൻ എന്ന പ്രാധാന്യം പരിഗണിച്ച് എത്രയും വേഗം ഭരണാനുമതി നൽകുവാനും ഫണ്ട് ലഭ്യമാക്കി നിർമ്മാണ പ്രവൃത്തി അനുവദിക്കുവാനും അടിയന്തര നടപടി സ്വീകരിക്കുമോ? | 2018-19 വാർഷിക ബഡ്ജറ്റിൽ മട്ടന്നൂർ ഫയർ & റെസ്ക്യൂ സ്റ്റേഷൻ കെട്ടിട നിർമ്മാണത്തിനായി ഫണ്ട് വകയിരുത്തിയിട്ടുണ്ട്. റിവൈസ്ഡ് എസ്റ്റിമേറ്റ് പൊതുമരാമത്ത് വകുപ്പിൽ നിന്നും ലഭ്യമാകുന്ന മുറയ്ക്ക് ഭരണാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ